# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2257

### 14-06-2019 ൽ മറുപടിക്ക്

### കിഫ്ബിയുടെ വരുമാനം

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി നടപ്പാക്കുന്നതിലൂടെ പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം ഗണ്യമായി കുറയുമ്പോൾ കിഫ്ബിയുടെ വരുമാനത്തിൽ ഇടിവ് സംഭവിക്കാൻ സാധ്യതയില്ലേ;<br>(ബി) ഇന്ധന ഉപഭോഗം കുറയുന്ന സാഹചര്യത്തിൽ ഇതിന് ബദലായി വേറെ വരുമാന മാർഗ്ഗങ്ങൾ കിഫ്ബി കണ്ടെത്തിയിട്ടുണ്ടോ;<br>(സി) പ്രസ്തുത സാഹചര്യത്തിൽ മോട്ടോർ വെഹിക്കിൾ ടാക്സ് വൻ തോതിൽ ഉയർത്താൻ നിർബന്ധിതമാകില്ലേ; | ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പാക്കുന്നതിലൂടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കുമെന്ന് കരുതുന്നില്ല. പെട്രോൾ ഡീസൽ സെസ്സിനത്തിൽ വരുന്ന കുറവ് രജിസ്റ്റർ ചെയ്യപ്പെടുന്ന പുതിയ ഇലക്ട്രിക് വാഹനങ്ങളുടെ വാഹന നികുതിയിലൂടെ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ മോട്ടോർ വെഹിക്കിൾ ടാക്സ് ഉയർത്തേണ്ട സാഹചര്യമില്ല. |
| (ഡി) കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും വരുമാനം ലഭ്യമാക്കാൻ യൂസർ ഫീ, ടോൾ എന്നിവ പിരിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വെളിപ്പെടുത്താമോ? | കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളിൽ യൂസർ ഫീ, ടോൾ എന്നിവ പിരിക്കുന്ന കാര്യം ആലോചനയിലില്ല. |

സെക്ഷൻ ഓഫീസർ